# സുവിശേഷനാദം

വാല്യം 3 | 1989 ജൂലൈ | ലക്കം 2

## പത്രാധിപ കുറിപ്പ്

# ദുരന്ത സംഭവങ്ങൾ പെരുകുന്നു

എവിടെ ശ്രദ്ധിച്ചാലും ഈ യുഗത്തിന്റെ ഒരു പ്രത്യേകത ദുരന്തസംഭവങ്ങളുടെ ശ്രുതി വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്. ഒരു വശത്ത് ഭൂകമ്പം, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ സംഭവിക്കുന്നു. ഈ വക ഒക്കെയും ഏതുകാലത്തും ഉണ്ടാകാറുള്ളതാണെങ്കിലും മനുഷ്യൻ ശാസ്ത്രത്തിന്റെ കൊടുമുടി കയറിയ ഈ സമയത്തും പ്രകൃതിശക്തികൾ മനുഷ്യന് കീഴ്പ്പെട്ടില്ല എന്ന് കാണുന്നത് ചിന്താർഹമാണ്. അതുപോലെ ധാർമ്മിക നിലവാരം വളരെയേറെ ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് പാപം എന്നും നിഷിദ്ധമെന്നും കരുതപ്പെട്ടിരുന്നവയെല്ലാം ഇന്ന് മനുഷ്യന് അത്യന്താപേക്ഷിതം എന്നപോലെ ആയിത്തീർന്നതായി തോന്നുന്നു. യുദ്ധങ്ങൾ വർദ്ധിക്കുന്നു. യുദ്ധമനഃസ്ഥിതി കൊടുമ്പിരികൊള്ളുന്നു. കൂടുതൽ വിനാശകാരികളായ മാരകായുധങ്ങൾ അണിയറയിൽ ജനിയ്ക്കുന്നു. ഇവയെല്ലാം ആസന്നമായ ഒരു പടക്കളം വിരചിക്കുവാൻ കോപ്പുകൂട്ടുകയാണെന്നു തോന്നുന്നു.

ഒരു കാലത്ത് പവിഴദ്വീപുകളാൽ അലംകൃതം എന്ന് പ്രകീർത്തിക്കപ്പെട്ടിരുന്ന നമ്മുടെ അയൽരാജ്യമായ സിലോൺ ഇന്ന് കള്ളന്മാരുടേയും, കൊള്ളക്കാരുടേയും, ഒളിപ്പോരുകാരുടേയും വിഹാരവേദിയായി; അല്ല ഒരു തുറന്ന പടക്കളമായി തന്നെ തീർന്നിരിക്കുന്നു. ദിനംപ്രതി ഭടന്മാരും പൗരജനങ്ങളും കൊലചെയ്യപ്പെടുന്നു. അടുത്ത നാളിലെങ്ങും ഇതിനൊരു പ്രതിശാന്തി ഉണ്ടാകുന്ന സൂചനപോലും കാണുന്നില്ല. നമ്മുടെ ഭാരതത്തിനുള്ളിൽ സ്ഥിതി ഒട്ടും മെച്ചമല്ല. പഞ്ചാബ് ഇന്നും പുകയുന്നു. ദിനംപ്രതി കൂട്ടക്കൊലകൾ സംഭവിയ്ക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ രാഷ്ട്രീയ, വർഗ്ഗീയ, മത മാത്സര്യങ്ങൾ പെരുകുന്നു. ലോകത്തിന്റെ മറ്റ് എവിടെ സമാധാനം? നൂറ് പുഷ്പങ്ങൾ വിരിയുന്ന മനോഹര പൂവാടിയായി കീർത്തിക്കപ്പെട്ട ചൈന, രക്തക്കളമായി മാറിയത് അടുത്ത സമയത്താണ്. കാരണം

MGM Ministries-Article Source: Suvisesha Nadam - July 1989, Vol. 3, No. 02, Page 3-6

എന്തെങ്കിലും ആകട്ടെ. യുവജനങ്ങളേയും, വിദ്യാർത്ഥികളേയും, ടാങ്ക് ഓടിച്ചുകയററി കൊന്നു് ഒടുക്കുന്ന കാട്ടാള മനുഷ്യന്റെ താണ്ഡവം അവിടെ നടന്നുകഴിഞ്ഞു. റഷ്യൻ അതിർത്തിയിലുള്ള ഉസ്ബക്കിസ്ഥാൻ എന്ന പ്രദേശത്തു് വർഗ്ഗീയ ലഹള അതിഘോരമായി നടക്കുന്നു. എല്ലാം വിവരിക്കുക അസാദ്ധ്യം. എന്നാൽ ഈ വിധ ദുരന്തനാടകങ്ങൾ ആവർത്തിക്കപ്പെടുന്നതിന്റെ കാരണം എന്താണു് എന്നു് പലരും ചിന്തിക്കുന്നില്ല. ധാർമ്മിക പരാജയം അല്ലാതെ അതു് മറ്റൊന്നല്ല. മനുഷ്യനെ മനുഷ്യനായി കാണാനും, സ്നേഹിയ്ക്കാനും, ക്ഷമിയ്ക്കാനും, സഹിയ്ക്കാനും കഴിയാത്ത കാലത്തോളം ഈ വിധ സംഭവങ്ങൾ അല്ലാതെ മററ് എന്താണ് സംഭവിക്കുക. സകല ദുരന്തങ്ങളുടേയും ചുവട് മനുഷ്യമനസ്സാണ്, അഥവാ മനുഷ്യ സ്വഭാവമാണ്. നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ദൈവശബ്ദം എത്ര സത്യം ആണു്. മറിച്ച് ദൈവത്തെ അനുസരിക്കാൻ ഇറങ്ങിയ അബ്രഹാമിനെ നോക്കി നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന പ്രഖ്യാപനവും ഈ വസ്തുതയുടെ മറുവശമായി നാം കാണേണ്ടതാണ്.

## മതങ്ങൾ പരാജയപ്പെടുന്നു

രാഷ്ട്രങ്ങൾ എല്ലാം പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. രാജഭരണം ദുഷിച്ച് നാമാവശേഷമായപ്പോൾ ഒടുവിലത്തെ കണ്ണിയായി തിളങ്ങിനിന്നതു് ബ്രിട്ടീഷ് രാജവംശമാണ്. ഇന്നും അസാന്മാർഗ്ഗികതയുടേയും ദൈവ നിഷേധത്തിന്റേയും വിഷക്കാററ് അടിച്ച് ആ രാജകുടുംബവും മിക്കവാറും മൺമറയാറായിട്ടുണ്ട്. സകലവിധ ഭരണ സമ്പ്രദായങ്ങളും പരാജയപ്പെട്ടുകഴിഞ്ഞു. ഹിററ്ലർ, മുസ്സോളിനി, സ്റ്റാലിൻ തുടങ്ങിയ സ്വേഛാധിപതികൾ മണ്ണോടുമണ്ണ് ചേർന്നു. ജനങ്ങളുടെ ഭരണകൂടം എന്നു് വാഴ്ത്തപ്പെട്ട ജനകീയ ഭരണം വാൾ എടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന ചൊല്ലുപോലെ ഒരുമാതിരി വഴിയാധാരഭരണം ആയി അധഃപതിച്ചു. മറുവശത്ത് മർദ്ദിതരുടെ രക്ഷിതാവായി കമ്മ്യൂണിസം കയറിവന്നു. അവിടെ തൊഴിലാളികളെ നിത്യ മർദ്ദിതരാക്കി നിർത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റ് നേതാക്കൾ മുതലാളിമാരായിത്തീർന്നു. മതത്തേയും സ്വതന്ത്ര ചിന്തയേയും അടിച്ചമർത്തിക്കൊണ്ട് ഒരുപിടി തലവന്മാരാൽ നയിക്കപ്പെടുന്ന രാഷ്ട്രത്തിന്റെ പാർട്ടിയുടെ അടിമകളായി ജനലക്ഷങ്ങളെ അരക്കിട്ടുറപ്പിച്ചു. ഏതു മർദ്ദനത്തിനും കാലം തിരിച്ചടി നൽകുമല്ലോ. നെടുനാളത്തെ സാർ ചക്രവർത്തിമാരുടെ ക്രൂരവാഴ്ചയ്ക്ക് തിരിച്ചടിയായി ബോൾഷെവിക്ക് വിപ്ളവം സംഭവിച്ചു. അതുപോലെ കമ്മ്യൂണിസ്റ്റ് കഠിനഭരണത്തിനു് കാലം ഉയർത്തുന്ന തിരിച്ചടികൾ റഷ്യയിലും വിശിഷ്യാ ചൈനയിലും സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഇത്തരുണത്തിൽ റഷ്യൻ പ്രധാനമന്ത്രിയായ മിഖായേൽ ഗോർബച്ചോവ് ഒരു നൂതന തന്ത്രം ആവിഷ്കരിച്ചു. പെരിസ്ട്രോയിക്ക, ഗ്ലാസ്നസ്റ്റ് എന്നീ പദങ്ങൾ അദ്ദേഹം കൈയ്യിലെടുത്തു. പരിഷ്ക്കരണം, പൊളിച്ചെഴുത്ത് എന്നൊക്കെ അർത്ഥം പറയാവുന്ന പ്രസ്തുത പദങ്ങൾ എന്തിനെ കുറിക്കുന്നു. കമ്മ്യൂണിസ്റ്റ് ഭരണ സമ്പ്രദായങ്ങൾകൊണ്ട് മടുത്ത് മുഷിഞ്ഞ ലോകജനതയോട് ഞങ്ങൾ സ്വയം ശുദ്ധീകരണവും പരിഷ്ക്കരണവും നടത്തുന്നു. ഞങ്ങളെ അംഗീകരിപ്പാൻ

MGM Ministries-Article Source: Suvisesha Nadam - July 1989, Vol. 3, No. 02, Page 3-6

നിങ്ങൾ ശങ്കിക്കേണ്ട എന്നു് വിളിച്ചുപറയുന്ന ഒരു സമ്പ്രദായം മാത്രമായി അതിനെ കണക്കാക്കാം. ഞങ്ങൾ മതത്തിനു് എതിരല്ല. ഇവിടെ പള്ളികളുണ്ടു് ആരാധന അനുവദിച്ചിരിക്കുന്നു. എന്നിങ്ങനെ പൊതുജനത്തെ ധരിപ്പിക്കുവാൻ അദ്ദേഹം വെമ്പൽകൊള്ളുന്നു. അവിടെയും ചിന്താകുഴപ്പം അവശേഷിക്കയാണു്. മതം മയക്കമരുന്നാണെന്നും, പുരോഹിതന്മാർ ചൂഷകരാണെന്നും ദൈവം ഏററവും വലിയ മുതലാളിയാണെന്നും മാക്സും കൂട്ടരും തങ്ങളുടെ അടിസ്ഥാനഗ്രന്ഥങ്ങളിൽ കുറിച്ചു വച്ചിട്ടുണ്ടു്. അതിനു് മറുപടി പറഞ്ഞാൽ ഏതാണു് വിശ്വാസയോഗ്യം. ഇന്നു് റഷ്യയിൽ മിക്കവാറും പട്ടക്കാരും, മെത്രാന്മാരും രഹസ്യത്തിൽ കമ്മ്യൂണിസ്റ്റ് പാരന്മാരാണു് എന്നു് പറയപ്പെടുന്നു. നമ്മുടെ കേരളത്തിൽ പോലും പൗരോഹിത്യ വേഷം അണിഞ്ഞുകൊണ്ടു് ക്രിസ്തുവിനെ തള്ളിപ്പറയുകയും ക്ഷേമരാഷ്ട്രം ഉണ്ടാക്കാൻ വേണ്ടിവന്നാൽ യുദ്ധംചെയ്യാമെന്നു് പഠിപ്പിക്കുകയും ചെയ്യുന്ന ബിഷപ്പുമാരും വിമോചന ദൈവശാസ്ത്രത്തിന്റെ നീരാളിപ്പിടിയിൽ പിടിക്കപ്പെട്ടുകിടക്കുന്ന അനേക വൈദികരും ഉണ്ടെന്നുള്ളതു് കഷ്ടകരമായ ഒരു സത്യം ആണു്.

## വനിതാ വൈദികർ

നവീകരണ സഭകളിൽ ലോകത്തിൽ അവിടവിടെ സ്ത്രീകൾ വൈദികരായി തീർന്ന സംഭവം കേൾക്കാറുണ്ടു്. എന്നാൽ ഇൻഡ്യയിൽ വിശിഷ്യാ കേരളത്തിൽ ഇതാ ഒരു സ്ത്രീ പട്ടക്കാരിയായി ഭവിച്ചിരിക്കുന്നു. ഭർത്താവു് പട്ടക്കാരനാണു് സ്ത്രീ സ്വാതന്ത്ര്യത്തിന്റെ കനത്ത വിജയമായി അതിനെ കരുതുന്ന പലരും കണ്ടേക്കാം. എന്നാൽ തിരുവചനം ശരിയായി പഠിച്ചാൽ ദൈവമക്കൾക്കു് കഷ്ടം പറയാനല്ലാതെ മറെറാന്നും തോന്നുന്നില്ല. ഓരോന്നിനും അതിരും വരമ്പും വച്ചിരിക്കുന്ന ദൈവം പുരുഷനു് സ്ത്രീയേക്കാൾ മുൻഗണന തീർച്ചയായും നൽകിയിട്ടുണ്ടു്, ആത്മരക്ഷയിലല്ല. ക്രിസ്തുവിലുള്ള നിലവാരത്തിലും അല്ല. കുടുംബത്തിൽ - സഭയിൽ പുരുഷൻ ഒന്നാമതും സ്ത്രീ തുടർന്നുമാണു് വരേണ്ടതു് വചനപ്രകാരം. എന്നാൽ കമ്മ്യൂണിസത്തിന്റെ ആയുധമായ വിമോചന ദൈവശാസ്ത്രം ആത്മീയ അടിസ്ഥാന വസ്തുതകളെ തകിടംമറിയ്ക്കാൻ ശ്രമിക്കുന്നു. ആത്മാവിനെ മറന്നു് ശരീരത്തിനു വേണ്ടിമാത്രം സംസാരിക്കുന്നു. നിത്യതയെ മറന്നു് ചരിത്രത്തിനുവേണ്ടി മാത്രം ശബ്ദം ഉയർത്തുന്നു. ഏതു മാർഗ്ഗം അവലംബിച്ചായാലും നല്ല ലക്ഷ്യത്തിൽ എത്താമെന്നും വിളിച്ചുപോകുന്നു.

എല്ലാ മതങ്ങളും സാരാംശത്തിൽ ഒന്നു് എന്ന അദ്വൈത സിദ്ധാന്തം ഇന്നത്തെ അഖിലലോക സഭാ കൗൺസിലും വിമോചന ദൈവശാസ്ത്രവും എല്ലാം ഒരുപോലെ ഉയർത്തിപ്പിടിക്കുന്നു. ദൈവത്തിൽനിന്നു് അകന്നാൽ ഒന്നിനൊന്നു് നികൃഷ്ടബുദ്ധിക്കു് വശംവദരാകയും ചെയ്യുമെന്നുള്ളതു് തികഞ്ഞ സത്യമാണു്. അതിന്റെ ഒരു പ്രതിഫലനം എന്നോണം അടുത്ത നാളിൽ ഈ നാട്ടിൽ കുറെ വൈദികരും പണ്ഡിതൻമാരും കൂടിചേർന്നു് ഒരു നൂതന ആരാധനാ പദ്ധതിയുടെ രൂപം അച്ചടിച്ചിറക്കിയതായി നേരിൽ അറിയാം. ദൈവം സ്ത്രീയും പുരുഷനും ചേർന്നതാണെന്നും ഇന്നു് ദൈവത്തെ പുരുഷൻ മാത്രമായിട്ടാണു് ഗണിക്കുന്നതു് എന്നും ആ പോരായ്മ നികത്തണം എന്നും പറഞ്ഞുകൊണ്ടു് എന്തെല്ലാം കോപ്രായങ്ങൾ ആണു് അവരെല്ലാം

MGM Ministries-Article Source: Suvisesha Nadam - July 1989, Vol. 3, No. 02, Page 3-6

അടിച്ചുവിട്ടിരിക്കുന്നതു്. ദൈവത്തെ പിതാവു് എന്നും മാതാവു് എന്നും ക്രിസ്തുവിനെ പുത്രനെന്നും പുത്രിയെന്നും വിളിക്കയും അങ്ങനെ സത്യേക ദൈവത്തെ അങ്ങേയററം അധിക്ഷേപിക്കയും ചെയ്യുന്ന ഒരു പ്രവണത ഒരു കാലത്തും ദൈവത്തിൽ നിന്നുള്ളതല്ല.

ചുരുക്കത്തിൽ പറഞ്ഞാൽ ഈ മാററം മറിച്ചിലുകളുടെയെല്ലാം ലക്ഷ്യം ഒരു ഏകലോക നിർമ്മിതിയാണ്. മതങ്ങളെല്ലാം ഹിന്ദുമതത്തിന്റെ അദ്വൈതസിദ്ധാന്തം അംഗീകരിച്ചുകൊണ്ട് ഒന്നായിത്തീരും. തുടർന്നു് വലിയ സഭയുടെ അദ്ധ്യക്ഷനായ പോപ്പു് ആ സംയുക്ത മതത്തേയും ഭരിക്കും. മതവും രാഷ്ട്രവും കൈകോർത്തു പിടിച്ചു് ഒരു വിചിത്രമായ ഏകലോക സംഘടന രൂപംകൊള്ളും. അതു് ദൈവസഭയ്ക്കു് ഒരു കനത്ത നഷ്ടമായിരിക്കയും ചെയ്യും.

ഹഗ്ഗായി പ്രവചനത്തിൽ ദൈവത്തിന്റെ അരുളപ്പാട് നാം വായിക്കുന്നു. കുറഞ്ഞൊന്നു് കഴിഞ്ഞിട്ടു് ആകാശത്തെയും ഭൂമിയെയും കടലിനെയും കരയേയും സകല ജാതികളെയും ഇളക്കും എന്നുള്ള ദൈവവാക്യങ്ങളുടെ നിറവേറൽ കണ്ടു തുടങ്ങിയിരിക്കുന്നു. ഈ ഇളക്കങ്ങളുടെ ദൈവീക ലക്ഷ്യം, ഉദ്ദേശം ദൈവത്തിന്റെ ഹിതം തന്നെയാണ്. ആകാശത്തെയും ഭൂമിയേയും കടലിനേയും കരയേയും ഇളക്കുന്നതു് ദൈവം തന്നെയാണ്. പ്രകൃതിയെ മാത്രമല്ല, സകല ജാതികളെയും ദൈവം ഇളക്കും. ഉദ്ദേശരഹിതമായി ദൈവം ചെയ്യാറില്ല. സകല ജാതികളുടെയും മനോഹര വസ്തു വെളിപ്പെടുത്തുകയാണു് ദൈവത്തിന്റെ ഉദ്ദേശം.

ലോക സാഗരത്തിലെ കല്ലോലമാലകൾ അനുനിമിഷം പെരുകുന്നു. മനുഷ്യനിൽനിന്നു് ദൈവം തെരഞ്ഞെടുത്ത തിരുസഭ ഭൂമിയിൽനിന്നു് വെളിപ്പെടുകയും സകല ജാതികളുടെയും ആശാപുരുഷനും സ്വർഗ്ഗത്തിൽനിന്നു് വെളിപ്പെടുകയും ചെയ്യേണ്ടതിനുവേണ്ടി ഈ സംഭവങ്ങൾ എല്ലാം അനിർവ്വാര്യമാണ്. അന്തഃപുരത്തിലെ ശോഭാപരിപൂർണ്ണയായ രാജകുമാരിയായ തിരുസഭയും മനുഷ്യപുത്രന്മാരിൽ അതിസുന്ദരനായ നമ്മുടെ കർത്താവും മദ്ധ്യവാനിൽ വെളിപ്പെടുവാനുള്ള ദിനങ്ങൾ ആസന്നമായിരിക്കുന്നു. സംഭവങ്ങൾ കണ്ടും കേട്ടും ലോകജാതികൾ ഭ്രമിക്കുന്നു. തല കുനിക്കുന്നു. ദൈവജനം സന്തോഷിക്കുന്നു. തലകളെ ഉയർത്തുന്നു.

MGM Ministries-Article Source: Suvisesha Nadam - July 1989, Vol. 3, No. 02, Page 3-6

— പി. ഐ. എബ്രഹാം

ക്രിസ്തുവിനാൽ പരിഹരിപ്പാൻ കഴിയാത്ത യാതൊരു പ്രശ്നവും ലോകത്തിൽ ഇല്ല.

ഒരു ക്രിസ്ത്യാനിക്കു് ഈ ലോകത്തിൽ ഉള്ള കഷ്ടത വിധിയല്ല-വരമത്രെ.

കഷ്ടത വന്നിട്ടു് ദൈവത്തോടു് അടുക്കുന്നതിനേക്കാൾ ഉത്തമമായതു് സുഖകാലത്തു് ദൈവത്തോടടുക്കുന്നതാണ്.

കഷ്ടത വിശ്വാസിയെ ദൈവത്തിൽനിന്നു് അകററുകയല്ല-അടുപ്പിക്കയത്രെ ചെയ്യുന്നതു്.